(സി) ശബ്ദശല്യമുണ്ടാക്കുന്ന ഹോൺ ഉപയോഗിക്കുന്ന വാഹന ഉടമകൾക്കെതിരെ ചട്ടപ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഇളവുനൽകിയിട്ടില്ല.

(ഇ) നിയമം നടപ്പാക്കേണ്ട ഉദ്യോഗസ്ഥർ പ്രസ്തുത ചട്ടം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്നപക്ഷം നടപടികൾ സ്വീകരിക്കുന്നതാണ്.

അന്തർ സംസ്ഥാന റൂട്ടുകളിലെ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ

165 (1893) ശ്രീ. എം. എ. വാഹീദ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഏതൊക്കെ അയൽസംസ്ഥാനങ്ങളിലേക്കാണ് ഇപ്പോൾ അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നത് എന്ന് വിശദമാക്കുമോ ;

(ബി) തമിഴ്നാട്ടിലേക്ക് നടത്തിയിരുന്ന ഏതൊക്കെ അന്തർസംസ്ഥാന സർവ്വീസുകളാണ് നിർത്തലാക്കിയത് ;

(സി) ഇത്തരം സർവ്വീസുകളുടെ ദൈർഘ്യം കുറയ്ക്കുകയോ നിർത്തൽ ചെയ്യുകയോ ചെയ്യുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെ ;

(ഡി) ഈ റൂട്ടുകളിൽ ഇപ്പോഴും തമിഴ്നാട് ട്രാൻസ്പോർട്ട് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടോ ;

(ഇ) ഇത്തരത്തിൽ തമിഴ്നാട് ട്രാൻസ്പോർട്ട് സർവ്വീസ് നടത്തുന്ന അന്തർസംസ്ഥാന റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തമിഴ്നാട്ടിലേക്കും കർണ്ണാടകയിലേക്കും.

(ബി) അരുമന, കുളച്ചൽ, തേങ്ങാപട്ടണം, പേച്ചിപ്പാറ, മണവാളകുറിച്ചി, അംബാസമുദ്രം.

(സി) തമിഴ്നാട്ടിലെ വിവിധ കോർപ്പറേഷനുകൾ ഈ പ്രദേശങ്ങളിൽ നിന്നും കളിയിക്കാവിളവരെ കൂടുതൽ സർവ്വീസ് നടത്തുന്നതുകൊണ്ടും, സമാന്തര സർവ്വീസുകളുടെ ബാഹുല്യംമൂലവും കെ.എസ്.ആർ.ടി.സി സർവ്വീസുകൾക്ക് വരുമാനം കുറഞ്ഞതുകൊണ്ടാണ് നിലവിലുള്ള കാരറുകളിൽ ടി സർവ്വീസുകൾ ഒഴിവാക്കി നാഗർകോവിൽ മേഖല പ്രത്യേകമായി കേന്ദ്രീകരിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥയില്ലാത്തതിനാൽ ഈ ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly